QP CODE: 23104739

23104739

Reg No : ....................

Name : ....................

**UNDER GRADUATE (CBCS) REGULAR/IMPROVEMENT/REAPPEARANCE EXAMINATIONS, FEBRUARY 2023**

**First Semester**

**Common Course II - ML1CCT01 - MALAYALAM-KADHA SAHITHYAM**

Common for all Model I B.A / B.Sc Programmes

2017 Admission Onwards

535A7651

Time: 3 Hours Max. Marks : 80

**Part A**

*Answer any **ten** questions.*

*Each question carries **2** marks.*

1. "ആരുമെന്നെ താങ്ങേണ്ട. എന്തിനു വീഴണം ? ഞാനെന്തിനു കരയണം ?" - ആരുടെ വാക്കുകൾ? സന്ദർഭം എഴുതി വിശദീകരിക്കുക.

2. "ഗദ വലതുകൈയിൽ കുത്തനെ പൊക്കി വിറപ്പിച്ച് വിക്കറ്റുകൾക്കിടയിൽ രണ്ടുച്ചാൽ നടത്തം തുടങ്ങി" - ആര് ? വിശദീകരിക്കുക.

3. 'നിനക്ക് ഭ്രാന്താണ്. നീ പറയുന്നതിന്റെ അർത്ഥം ആർക്കും മനസ്സിലാവില്ല' - തരിശുനിലം എന്ന കഥയിൽ ആവർത്തിച്ചു വരുന്ന ഈ വാചകത്തിന്റെ പ്രസക്തിയെന്ത് ?

4. ' എനിക്കൊരു ഈറ്റുമുറിയാണ് വേണ്ടത് , വാതിൽ പുറത്തുള്ള ഒന്നിനോടും ബന്ധമില്ലാത്ത ഒരു ഈറ്റുമുറി " - ആരുടെ വാക്കുകളാണിത് ? സന്ദർഭം എഴുതുക.

5. ' ഒരു കാരണവശാലും , ഇന്ന് ഇന്ത്യാ ചരിത്രത്തിലെ കറുത്ത ദിനമാണെന്ന് എഴുതരുത് " - ആരുടെ വാക്കുകൾ ? ഇങ്ങനെ പറയാൻ കാരണമെന്ത് ?

6. 'മോഹമഞ്ഞ' എന്ന ശീർഷകത്തിന്റെ ഔചിത്യമെന്ത് ?

7. തന്റെ കഷ്ടപ്പാടുകൾ അസൈനാർച്ചയോട് പറയേണ്ടിയിരുന്നില്ല എന്ന് ഗോപാൽ യാദവിന് തോന്നിയതെപ്പോൾ ?

8. "പച്ചയുടെ ഒരു പെട്ടകം ഉറൂസിനെയും മറ്റ് ജീവജാലങ്ങളെയും കൊണ്ട് അക്കരയ്ക്ക് ഒഴുകിപ്പോവും പോലെ തോന്നി " - വിശദീകരിക്കുക.

9. ആളൊഴിഞ്ഞ കല്ലറയ്ക്ക് മുമ്പിൽ നിന്ന രവിശങ്കർ അസ്വസ്ഥനായത് എന്തുകൊണ്ട് ?

10. " ഏതു കഷ്ടപ്പാടിലും ജീവിക്കാനുള്ള അദമ്യമായ ആഗ്രഹം അല്ലാഹുവിലുള്ള അനന്തമായ വിശ്വാസം. ഇതുരണ്ടുമാണ് എന്നെയപ്പോൾ ജീവിപ്പിച്ചത് " - വിശദമാക്കുക.

11. ' മനുഷ്യൻ അവന്റെ നിസ്സഹായ അവസ്ഥയിൽ എത്ര അധീരനായി പോവുന്നെന്ന് അപ്പോഴാണ് ശരിക്കും മനസ്സിലാവുക " - ആരുടെ വാക്കുകൾ ? സന്ദർഭം ഏത് ?

12. 'തലേന്ന് കണ്ണീരിന്റെ ദിവസമാണെങ്കിൽ പിറ്റേന്ന് സന്തോഷത്തിന്റെ ദിവസമാണ് " - സന്ദർഭം വിശദമാക്കുക.

(10×2=20)

**Part B**

*Answer any **six** questions.*

*Each question carries **5** marks.*

13. പൂവമ്പഴം എന്ന കഥയിലെ നായികയെ എങ്ങനെ ചിത്രീകരിച്ചിരിക്കുന്നു ?

14. മനുഷ്യനാണ് ഭൂമിയുടെ അവകാശികൾ എന്ന വാദത്തെ ന്യായീകരിക്കുവനായി ഭൂമിയുടെ അവകാശികൾ എന്ന കഥയിൽ ഉന്നയിക്കുന്ന യുക്തികൾ എന്തെല്ലാം ?

15. മനസ്സിന്റെ കഥാകാരനാണ് പത്മനാഭൻ എന്ന അഭിപ്രായം 'കടൽ' എന്ന കഥയ്ക്ക് യോജിക്കുന്നുവോ എന്ന് പരിശോധിക്കുക.

16. പത്മനാഭന്റെ 'കടൽ' എന്ന കഥയിൽ കടൽ എന്തിനെയെല്ലാം പ്രതിനിധീകരിക്കുന്നു ?

17. ആർക്കറിയാം എന്ന കഥയ്ക്ക് ആസ്വാദനം എഴുതുക ?

18. 'അഗ്നി' എന്ന കഥ ആവിഷ്ക്കരിക്കുന്ന തീക്ഷ്ണമായ സമകാലിക ലോകാവസ്ഥകളെക്കുറിച്ച് ചർച്ച ചെയ്യുക

19. മരുഭൂമിയുടെ ആവിഷ്ക്കരണം ബെന്യാമിൻ ആടുജീവിതത്തിൽ സൃഷ്ടിച്ചിരിക്കുന്നതെങ്ങനെ ?

20. രതിഭാവത്തിന്റെ ആവിഷ്കാരം ആടുജീവിതത്തിൽ ബെന്യാമിൻ അവതരിപ്പിച്ചിരിക്കുന്നത് എപ്രകാരം ?

21. ആടുജീവിതത്തിൽ ആവിഷ്ക്കരിക്കുന്ന ഭീകരരൂപിയുടെ ചിത്രം എപ്രകാരമാണ് ?

(6×5=30)

**Part C**

*Answer any **two** questions.*

*Each question carries **15** marks.*

22. ബഷീർക്കഥകളുടെ എന്തെല്ലാം സവിശേഷതകൾ ഭൂമിയുടെ അവകാശികൾ എന്ന കഥയിൽ കാണാനാവുമെന്നു വിശദീകരിക്കുക

23. 'മലയാളത്തിലെ മികച്ച സ്ത്രീവാദ കഥയാണ് ഓരോ എഴുത്തുകാരിയുടെ ഉള്ളിലും' - ചർച്ച ചെയ്യുക

24. സാമൂഹികാവസ്ഥകളെ പരുക്കൻ ദുരനുഭവങ്ങൾ കൊണ്ട് ആഴത്തിൽ മുറിവേൽപ്പിക്കുകയാണ് 'മോദസ്ഥിതനായങ്ങ് വസിപ്പൂ' എന്ന കഥ.വിശദീകരിക്കുക

25. ദയനീയമായ മനുഷ്യാവസ്ഥയുടെ പരിച്ഛേദമാണ് ആടുജീവിതം ' - വിലയിരുത്തുക.

(2×15=30)